# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2079 — 16.08.2017-ൽ മറുപടിയ്ക്ക്

## ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപ്പന നിരോധിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.റ്റി. പ്രകാരമുള്ള നികുതി ഘടന നിലവിൽ വന്നതിനെത്തുടർന്ന് അനുമതിയില്ലാതെ ഇതര സംസ്ഥാന ഭാഗ്യക്കുറികൾ സംസ്ഥാനത്ത് യഥേഷ്ടം വിൽപ്പന നടത്തുവാൻ സാധിക്കുന്ന എന്തെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ; | (എ) | അത്തരം വ്യവസ്ഥകൾ നിലവിലില്ല. ജി.എസ്.റ്റി. നികുതി ഘടന നിലവിൽ വന്നതിനാൽ 28% നികുതി ഒടുക്കി, ലോട്ടറി നടത്തിപ്പു സംബന്ധിച്ച എല്ലാ വിശദാംശങ്ങളും സമർപ്പിച്ച് 1998-ലെ ലോട്ടറി റെഗുലേഷൻ ആക്ട്, 2010-ലെ ലോട്ടറി റൂൾസ്, എന്നിവയ്ക്ക് വിധേയമായി മാത്രമേ അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | അത്തരമൊരു വ്യവസ്ഥ നിലവിലില്ലെങ്കിൽ, ഇതരസംസ്ഥാന ഭാഗ്യക്കുറികളുടെ വിൽപ്പനയും വിതരണവും കർശനമായി നിരോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (ബി) | ജി.എസ്.ടി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും, റൂളുകളും കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങളും പരിശോധനകളും ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s. Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും, ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തിരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ സ്വീകരിച്ച കർശന നിലപാടിനെത്തുടർന്ന് മിസോറാം |

| | | | |
|---|---|---|---|
| | | | കേരളത്തിൽ നടത്തുമെന്ന് പ്രഖ്യാപിച്ച ലോട്ടറി സ്കീമുകൾ പിൻവലിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന ഭാഗ്യക്കുറി ഏജൻറുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ അറിയിപ്പ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**